| | | | | | | |
|---|---|---|---|---|---|---|
| ഫണ്ട്-TSP | | | | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied) | 0 | 4728249 | 4728249 | 3872630 | 855619 | 81.90 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 0 | 4219581 | 4219581 | 3459466 | 760115 | 81.99 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 4870979 | 4870979 | 3644047 | 1226932 | 74.81 |
| മെയിന്റനൻസ് ഗ്രാന്റ്- Road | 0 | 21082353 | 21082353 | 15191207 | 5891146 | 72.06 |
| ഐസിഡിഎസ് | 302442 | 459316 | 761758 | 600000 | 161758 | 78.77 |
| സമ്പൂർണ്ണ ശുചിത്വം | 1738582 | 730094 | 2468676 | 2412096 | 56580 | 97.71 |

വികസനഫണ്ട് (ജനറൽ) വരവായി ചേർത്തിട്ടുള്ളത് ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്, അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക എന്നീ പ്രൊജക്ടുകൾക്കായി സർക്കാർ, സ്രോതസ്സിൽ നിന്നും 199/22,201/22,233/22,197/22,198/22,229/22 എന്നീ പ്രൊജക്ടുകൾ പ്രകാരം കുറവു ചെയ്ത1295978 രൂപയും ചേർത്തുള്ള തുകയാണ്.

വികസനഫണ്ട് (എസ് സി പി) വരവായി ചേർത്തിട്ടുള്ളത് ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവിനായി സർക്കാർ, സ്രോതസ്സിൽ നിന്നും 200/22,202/22,232/22 പ്രൊജക്ടുകൾ പ്രകാരം കുറവു ചെയ്ത108222 രൂപയും ചേർത്തുള്ള തുകയാണ്.

ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ 2021-22 വർഷത്തെ ബജറ്റ് അലോട്ട്മെന്റ് പഞ്ചായത്തിന്റെ ഇ-ഗ്രാമ സ്വരാജിനായി ആരംഭിച്ച ബാങ്ക് അക്കൗണ്ടിലും(CANARA BANK അക്കൗണ്ട് 1003757) മുൻവർഷത്തെ ക്യാരിഓവർ വിഹിതം ട്രഷറിയിൽ അലോട്ട്മെന്റായുമാണ് ലഭിച്ചത്. ബാങ്ക് അക്കൗണ്ടിൽ ലഭിച്ച പലിശ 41172/- രൂപ ഉൾപ്പെടെയുള്ള വരവാണ് ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) ൽ എടുത്തിട്ടുള്ളത്.

ഫണ്ട് വിനിയോഗ കണക്കുകളിൽ മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2021-22-ലെ വാർഷികപദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിയുടെ 24.03.22 ലെ ഉത്തരവ് നം. 81898/21/DPC/ DPO/KTM പ്രകാരം പുതുക്കിയ അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ മറ്റ് പ്രവർത്തനഘട്ടങ്ങൾ താഴെ ചേർക്കുന്നു.

വാർഷികപദ്ധതിരൂപീകരണഘട്ടങ്ങൾ

| പ്രവർത്തനഘട്ടം | നടത്തിയ തീയതി |
|---|---|
| വർക്കിംഗ് ഗ്രൂപ്പയോഗം | 29.1.21 |
| പദ്ധതിരൂപീകരണഗ്രാമസഭകൾ | 7.2.21 മുതൽ 14.2.21 |
| വികസനസെമിനാർ | 20.2.21 |

**വാർഷികപദ്ധതി -വരവുചെലവുകണക്കുകൾ**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 191 | 97438507 | 153 | 50931096 | 38 | 52 |

**നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി നിർവ്വഹണവും**

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.അംഗീകാരം ലഭിച്ച 153 പദ്ധതികൾ ചുവടെ ചേർക്കും പ്രകാരം നിർവ്വഹിച്ചിട്ടുണ്ട്.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നിർവ്വഹിച്ച പദ്ധതി കളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 6 | 6 | 1146000 | 811232 | 70.7 |
| 2 | വെറ്ററിനറി സർജൻ | 3 | 3 | 2516000 | 2486960 | 98.8 |
| 3 | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. | 9 | 9 | 5048562 | 3948508 | 78 |
| 4 | വി.ഇ.ഒ. 1 | 30 | 29 | 40162866 | 11641679 | 28 |
| 5 | മെഡിക്കൽ ഓഫീസർ - ആയുർവേദം | 1 | 1 | 475000 | 475000 | 100 |
| 6 | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 10 | 9 | 3909791 | 3623857 | 92.6 |
| 7 | സെക്രട്ടറി | 25 | 21 | 5433872 | 3686183 | 67.8 |
| 8 | അസി . സെക്രട്ടറി | 1 | 1 | 150000 | 150000 | 100 |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | 100 | 68 | 34944456 | 21357452 | 61 |
| 10 | ഡയറി ഫാം ഇൻസ്പെക്ടർ | 1 | 1 | 2280000 | 2280000 | 100 |
| 11 | ഹെഡ്മാസ്റ്റർ | 3 | 3 | 263352 | 259871 | 98.6 |
| 12 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 1108608 | 210354 | 18 |
| | ആകെ | 191 | 153 | 97438507 | 50931096 | 52 |

വി.ഇ.ഒ , സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് എന്നിവരുടെ ചെലവ് കുറവ് വാർഷിക പദ്ധതി ചെലവ് കുറയാൻ കാരണമായി. ബ്ലോക്ക് വിഹിതം, ജില്ലാപഞ്ചായത്ത് വിഹിതം, സംസ്ഥാനാവിഷ്കൃത വിഹിതം എന്നിവയുടെ ഉയർന്ന വകയിരുത്തലും ചെലവ് ശതമാനം കുറയുന്നതിന് കാരണമായി.

പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതു മുതൽ പൂർത്തിയാകുന്നതു വരെ മോണിറ്റർ ചെയ്യുന്നത് പദ്ധതി നടത്തിപ്പിലെ അപാകതകളും പോരായ്മകളും പരിഹരിക്കുന്നതിനും പദ്ധതി ലക്ഷ്യത്തിലെത്തിക്കുന്നതിനും സഹായിക്കുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി മോണിട്ടറിംഗ് കൃത്യമായി നടത്തേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി പ്രോജക്ട് ഫയലുകളിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

**സമയബന്ധിതമായി ഗ്രാന്റ് ചെലവഴിച്ചില്ല. 7720329 /-രൂപ നഷ്ടമായി.**

തൻവർഷം ലഭിച്ച സർക്കാർ ഗ്രാന്റുകൾ സമയബന്ധിതമായി ചെലവഴിക്കാത്തതിനാൽ **7720329** /-രൂപ ലാപ്സായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.31.3.22 ൽ ക്രെഡിറ്റ് ചെയ്ത തുക ഒഴിവാക്കിയാണ് വരവ് കണക്കാക്കിയിരിക്കുന്നത്.

| ഫണ്ടിനം | വരവ്(സ്രോതസിൽ കറവ് ചെയ്ത തുക ഉൾപ്പെടെ). | ചെലവ് | ലാപ്സായതുക |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 11866965 | 11632092 | 234873 |
| വികസന ഫണ്ട് (എസ്.സി.പി) | 2591378 | 2224000 | 367378 |
| മെയിന്റനൻസ് ഗ്രാന്റ്, റോഡ് | 21082353 | 15191207 | 5891146 |
| മെയിന്റനൻസ് ഗ്രാന്റ്, നോൺ-റോഡ് | 4870979 | 3644047 | 1226932 |
| ആകെ | | | 7720329 |

സമയബന്ധിതമായി പദ്ധതി നിർവ്വഹണം നടത്താതിരുന്നതിനാലാണ് ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിക്കേണ്ട വലിയ തുക നഷ്ടമാകുന്ന അവസ്ഥയുണ്ടായത്. പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ച് മുഴുവൻ തുകയും ചെലവഴിക്കുന്നതിന് ക്രിയാത്മക നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2021-22 വർഷം 2720 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. തൻവർഷം ലേബർ ബജറ്റ് പ്രകാരം 1277പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 210 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 210 പ്രവൃത്തികളും പൂർത്തീകരിച്ചു. 60202 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 860 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി ജല സംരക്ഷണ പ്രവൃത്തി, മഴക്കുഴി, വൃക്ഷത്തൈ നടീൽ തുടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. തൻവർഷത്തെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവുചെലവുകണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. 2021-22 വർഷത്തെ വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം (ക്യാഷ് ബുക്ക് പ്രകാരമുള്ളത് ) ചുവടെ ചേർക്കുന്നു. A.S

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1097304(പലിശ ഉൾപ്പെടെ) | 1097304 | 952762 | 144542 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 24190895 | 24190895 | 24190895 | 0 |
| ആകെ | 0 | 25288199 | 25288199 | 25143657 | 144542 |

## 1-7 ക്ഷേമപദ്ധതികൾ

2021-22 വർഷം വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 6720 | 8 |
| വാർദ്ധക്യകാലപെൻഷൻ | 30303300 | 1986 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3504400 | 200 |
| വിധവാപെൻഷൻ | 8923100 | 563 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 868000 | 56 |
| വികലാംഗപെൻഷൻ | 3634200 | 225 |
| വിവാഹ ധനസഹായം | 180000 | 6 |

**1-8 കാഷ് വേരിഫിക്കേഷൻ**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് 2021-22 ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 07/03/2023-ന് 03:30 PM ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 12276/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-9 ആഭ്യന്തരനിയന്ത്രണം**

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

**1) പൊതുനിയന്ത്രണം**

ആഭ്യന്തര നിയന്ത്രണം ഉത്തരവാദിത്വമായി ഉൾക്കൊണ്ടുകൊണ്ട് റിസ്ക് നിർണ്ണയിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള നടപടികൾ ഭരണസമിതി സ്വീകരിച്ചിട്ടുണ്ട്. ഒരു ഇടപാടിന്റെ എല്ലാ തലങ്ങളും ഒരേ ജീവനക്കാരൻ തന്നെ ചുമതലകൾ നിർവഹിക്കുന്ന അവസ്ഥ ശാസ്ത്രീയമായ ജോലി വിഭജനത്തിലൂടെ ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

**2) അക്കൗണ്ടിംഗ് സംവിധാനം (Sankhya Software മുഖേന)**

ഗ്രാമപഞ്ചായത്തിൽ ILGMS സോഫ്റ്റ്‌വെയർ മുഖാന്തിരമാണ് കണക്കുകൾ കൈകാര്യം ചെയ്യുന്നത്. ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല. അക്കൗണ്ടിംഗിലെ അപാകതകൾ ഖണ്ഡിക 1-2 ൽ പരാമർശിച്ചിട്ടുണ്ട്.

**3) ക്യാഷ്, ബാങ്ക് നിയന്ത്രണം**

പ്രതിമാസ, വർഷാന്ത്യ റിക്കൺസീലിയേഷനുകൾ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

**4) നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം .**

നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ സംബന്ധിച്ച് മിനിട്ട്സ് ബുക്കുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ട്.

**5) പേ റോൾ നിയന്ത്രണം**

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചു വരുന്നു, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

**6) ആസ്തി നിയന്ത്രണം ഫലപ്രദമല്ല**

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം ഉടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല.

**7) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം**

1997--ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.06.2022 - 09.06.2022 | 7/21 - 12/21 | -- |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.12.2013-31.12.2013 | 2008-09 മുതൽ 2012-13 വരെ | LBA(HQ) 2/8എ.2034 /19.തീയതി 29.01.2014 |

## 1-11 ക്ലോസ് ചെയ്ത ട്രഷറി അക്കൗണ്ടിൽ ധനവിനിമയം നടക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടുകളുടെ പാസ്സ് ബുക്കുകൾ പരിശോധിച്ചതിൽ 709021400000015 (സബ് ട്രഷറി കട്ടപ്പുറത്തി) എന്ന STSB അക്കൗണ്ടിൽ ധനവിനിമയം നടക്കുന്നതായി വ്യക്തമായി .28/03/2021 ൽ മേൽ അക്കൗണ്ടിൽ 129993/- രൂപ ക്രെഡിറ്റായതായും 21/03/2022 ൽ മേൽ തുക ഡെബിറ്റായതായും കാണുന്നു .ട്രഷറി ഡയറക്ടറുടെ 30/04/2020 ലെ TRY/1385/2020-F2 നിർദ്ദേശപ്രകാരം 02.06.2020 ൽ ക്ലോസ് ചെയ്ത് മേൽ അക്കൗണ്ടിൽ അവശേഷിച്ചിരുന്ന 1360091 രൂപ ഗ്രാമപഞ്ചായത്തിന്റെ എൽ ജി ടി എസ് ബി അക്കൗണ്ടിൽ 05/05/2020 ക്രെഡിറ്റ് ചെയ്തിരുന്നു.നിലവിലുണ്ടായിരുന്ന STSB അക്കൗണ്ട് സ്റ്റാറ്റസ് ക്ലോസ്ഡ് ആയി രേഖപ്പെടുത്തേണ്ടതാണെന്ന് ട്രഷറി ഡയറക്ടർ ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നു.ക്ലോസ്ഡ് അക്കൗണ്ടായതിനാൽ നിലവിൽ ടി അക്കൗണ്ടിന്റെ റീകൺസിലിയേഷൻ നടത്തിവരുന്നില്ല.കൂടാതെ മേൽ അക്കൗണ്ടിന്റെ ഉപയോഗിക്കാത്ത ചെക്ക് ലീഫുകൾ ഉൾപ്പെടെയുള്ള രേഖകൾ തിരികെ വാങ്ങുന്നതിനും നിർദ്ദേശിച്ചിരുന്നു.ക്ലോസ് ചെയ്ത അക്കൗണ്ടിൽ ധനവിനിമയം നടക്കുന്നതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/10.03.2023) ലഭ്യമാക്കിയ മറുപടിയിൽ മേൽ ധനവിനിമയം പഞ്ചായത്ത് നടത്തിയിട്ടുള്ളതല്ലെന്നും ഇത് സംബന്ധിച്ച് വ്യക്തത വരുത്തുന്നതിന് സബ് ട്രഷറി കട്ടപ്പുറത്തിക്ക് കത്ത് നൽകിയതായും അറിയിച്ചു.ധനവിനിമയം സംബന്ധിച്ച് ആധികാരികത വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. H A

## 1-12 റീകൺസിലിയേഷൻ പത്രികയിലെ അപാകതകൾ

പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടായ കാനറ ബാങ്ക് ( 6018101001581) അക്കൗണ്ടിന്റെ വാർഷിക ധനകാര്യപത്രിക RP40(b) പ്രകാരം നീക്കിയിരുപ്പ് 9679149 രൂപയും ലഭ്യമാക്കിയ റീക്കൺസിലിയേഷൻ പത്രികയിലെ ബാങ്ക് ബുക്ക് പ്രകാരമുള്ള 31.3.2022 ലെ നീക്കിയിരുപ്പ് 9650239 രൂപയുമാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (6/10.3.23) 31.3.22 ൽ റികൺസിലിയേഷൻ ചെയ്തപ്പോൾ തുകയിൽ വ്യത്യാസമുണ്ടായിരുന്നില്ലെന്നും പിന്നീടാണ് വ്യത്യാസമുണ്ടായതെന്നും ഐഎൽജിഎംസിലുണ്ടായ ഈ തകരാർ പരിഹരിക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭിച്ചു. H A

ഇതേ അക്കൗണ്ടിന്റെ 31.3.22 ലെ ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ ബാങ്ക് ബുക്ക് തുകയോട് Cash Or Cheque Withdrawal എന്ന ശീർഷകത്തിൽ 4560 രൂപ Add ചെയ്തിട്ടുള്ളതായി കാണുന്നു. ഇത

സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് ഐഎൽജിഎംഎസ് ആദ്യ ഘട്ടത്തിൽ കോൺടാ ചെയ്ത് സേവ് ചെയ്യുമ്പോൾ പലപ്പോഴും വ്യത്യാസമുണ്ടായിരുന്നെന്നും റികൺസിലിയേഷൻ സമയത്ത് പരിഹരിച്ച വരികയായിരുന്നെന്നും ഇപ്രകാരം ഐഎൽജിഎംഎസിൽ വന്ന തെറ്റ് കാരണമാണ് ഇത്തരമൊരു തുക കാണപ്പെടുന്നതെന്നും മറുപടി ലഭിച്ചു.

അപാകതകൾ പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-13 വഴിയുടെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് വരുത്തിയില്ല.**

1. ശ്രീമതി ശോഭ സുരേഷ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 14/44 A എന്ന 71.72 ച.മീ.വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് സഞ്ചയപ്രകാരം 1.5 മീറ്ററിൽ കൂടുതലുള്ള ഞീഴൂർ-മാണികാവ് റോഡ് എന്ന രേഖപ്പെടുത്തി വഴിയുടെ അടിസ്ഥാനത്തിലുള്ള ഇളവോ വർദ്ധനവോ വരുത്തിയിട്ടില്ലെന്ന കാണുന്നു. എന്നാൽ പ്ലാൻ പ്രകാരം ഈ കെട്ടിടത്തിന്റെ പ്രവേശനം 5 മീറ്ററുള്ള.റോഡിൽ നിന്ന് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് പ്രകാരം 20% വർദ്ധനവ് വരുത്തേണ്ടിയിരുന്നെങ്കിലും വരുത്തിയിട്ടില്ല.

2. ശ്രീമതി സജിനി എം.പി എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 11/312 B എന്ന 222.67ച.മീ. വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് സഞ്ചയപ്രകാരം കെട്ടിടത്തിന്റെ സമീപ റോഡായി 1.5 മീറ്ററിൽ കുറവുള്ള അരുണാശ്ശേരി തിരുവമ്പാടി എന്ന് രേഖപ്പെടുത്തി 10% ഇളവ് അനുവദിച്ചിട്ടുള്ളതായി കാണുന്നു.എന്നാൽ പ്ലാൻ പ്രകാരം കെട്ടിടത്തിലേക്കുള്ള എൻട്രൻസ് 6 മീറ്റർ വീതിയുള്ള റോഡിൽ നിന്നാണെന്ന് കാണുന്നു. ഇതു പ്രകാരമുള്ള 20% വർദ്ധനവ് വസ്തുനികുതിയിൽ ഉൾപ്പെടുത്താതിയില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (15/13.3.23) മറുപടി ലഭിച്ചില്ല. നികുതി പുനർനിർണയിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-14 പഠന മുറി-സഞ്ചയ ഡേറ്റാബേസിൽ മാറ്റം വരുത്തിയില്ല**

വിളഗ നിർവഹണം നടത്തിയ എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രൊജക്ടിനായി രണ്ടു വ്യക്തികളുടെ വീടിന് 12 ച.മീ. വിസ്തീർണ്ണമുള്ള മുറികൾ നിർമിച്ച നൽകിയിട്ടുണ്ടെന്ന കാണുന്നു. എന്നാൽ പഠനമുറി പൂർത്തിയാക്കി തുക അനുവദിച്ചെങ്കിലും പഞ്ചായത്തിന്റെ സഞ്ചയ അസസ് മെന്റിൽ കൂട്ടിച്ചേർക്കൽ വരുത്തിയിട്ടില്ലെന്ന കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം, ഉടമ വിസ്തീർണ്ണം | നിലവിലെ വിസ്തീർണ്ണം(ച.മീ.) | മാറ്റം വരുത്തിയ വിസ്തീർണ്ണം |
|---|---|---|---|
| 1 | 5/175 A, സന്തോഷ് പിഎസ് | 57.94 | 12 |
| 2 | 10/362, രോഹിണി താന്നിച്ചവട്ടിൽ | 54 | 12 |

നിലവിൽ രണ്ടു കെട്ടിടങ്ങൾക്കും സർക്കാർ ഉത്തരവ് (എം എസ്) നം 358/15 പ്രകാരമുള്ള നികുതി ഇളവ് അനുവദിച്ചിട്ടുള്ള കെട്ടിടങ്ങളാണ്. അസസ്മെന്റിൽ ആവശ്യമായ മാറ്റം വരുത്താത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/13.3.23)മറുപടി ലഭ്യമായില്ല. പഞ്ചായത്തിന്റെ അസസ് മെന്റ് ഡേറ്റാബേസിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-15 ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.**

പഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് വാടകയ്ക്ക് കൊടുത്തിട്ടുള്ള കെട്ടിടങ്ങളിൽ ഉൾപ്പെടെ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | വ്യക്തിയുടെ പേര് |
|---|---|---|
| 1 | XIV/444 ഞീഴൂർ ഷോപ്പിംഗ് കോപ്ലക്സ് | കുമാരി സുകുമാരൻ |
| 2 | XIV/421ഞീഴൂർ ഷോപ്പിംഗ് കോപ്ലക്സ് | എം കെ സ്റ്റീഫൻ |
| 3 | XIV/425ഞീഴൂർ ഷോപ്പിംഗ് കോപ്ലക്സ് | കെ പി അനിൽകുമാർ |
| 4 | XIV/418ഞീഴൂർ ഷോപ്പിംഗ് കോപ്ലക്സ് | മാനേജർ സന്ധ്യ ഡെവലപ്മെന്റ് സൊസൈറ്റി |
| 5 | XIV/424 ഞീഴൂർ ഷോപ്പിംഗ് കോപ്ലക്സ് | എം കെ അനിൽകുമാർ |
| 6 | XIV/443 ഞീഴൂർ ഷോപ്പിംഗ് കോപ്ലക്സ് | പി എസ് ശ്രീനിവാസൻ |
| 7 | XI/30 C ഞീഴൂർ ഷോപ്പിംഗ് കോപ്ലക്സ് | രേഷ്മാ അനീഷ് |
| 8 | XIV/447 ഞീഴൂർ ഷോപ്പിംഗ് കോപ്ലക്സ് | സുനിൽ വി കെ |
| 9 | XIV/448 ഞീഴൂർ ഷോപ്പിംഗ് കോപ്ലക്സ് | പി ജി ശിവദാസൻ |
| 10 | XIV/164 A ഞീഴൂർ ഷോപ്പിംഗ് കോപ്ലക്സ് | ദേവീകൃപ സ്റ്റിച്ചിംഗ് യൂണിറ്റ് |
| 11 | XIV/422 ഞീഴൂർ ഷോപ്പിംഗ് കോപ്ലക്സ് | അർച്ചന വുമൺസ് സെന്റർ |

കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾ, റേഷൻ കടകൾ തുടങ്ങിയ സ്ഥാപനങ്ങൾ 2021-22 വർഷത്തേയ്ക്ക് ലൈസൻസ് എടുത്തതായി കാണുന്നില്ല.മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/10.03.2023) ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് പശ്ചാത്തലത്തിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാതിരുന്നതിനാലാണ് ലൈസൻസ് എടുക്കാതിരുന്നതെന്ന് അറിയിച്ചു. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ചട്ടപ്രകാരമുള്ള ലൈസൻസോടെയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**1-16 ഡെഫേർഡ് സാലറിയിൽ നിന്നും പങ്കാളിത്ത പെൻഷൻ വിഹിതം ഈടാക്കിയില്ല.**

കോവിഡിന്റെ ഭാഗമായുണ്ടായ സാമ്പത്തികാഘാതം മറികടക്കാൻ 2020 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ 5 മാസത്തേയ്ക്ക് 6 ദിവസത്തെ ശമ്പളം ജീവനക്കാർക്ക് നൽകാതെ മാറ്റി വച്ചിരുന്നു. ആയത് തിരികെ നൽകുമ്പോൾ പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ വിഹിതം കുറവ് ചെയ്യേണ്ടതും തുല്യമായ എംപ്ലോയർ വിഹിതവും ചേർത്ത് ജീവനക്കാരുടെ പ്രാൺ

അക്കൗണ്ടിൽ അടവാക്കേണ്ടതാണെന്നും ഇത്തരത്തിൽ കണക്കാക്കുന്ന പെൻഷൻ വിഹിതത്തിൽ അപാകതയുണ്ടാകുക വഴി സർക്കാരിനോ ജീവനക്കാരനോ നഷ്ടം സംഭവിക്കുന്ന പക്ഷം ആയത് ഡി.ഡി.ഒ യുടെ ബാധ്യതയായി കണക്കാക്കുമെന്നും 03/09/21 ലെ സർക്കുലർ നം.71/2021 /ധന പ്രകാരം നിഷ്കർഷിച്ചിരുന്നു. ഞീഴൂർ ഗ്രാമപഞ്ചായത്തിലെ പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട 4 ജീവനക്കാരുടെ ഡെഫേർഡ് സാലറിയിൽ നിന്നും പങ്കാളിത്ത പെൻഷൻ വിഹിതം കുറവ് ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/13.03.23) പ്രസ്തുത ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പങ്കാളിത്ത പെൻഷൻ വിഹിതം ഈടാക്കി എംപ്ലോയർ വിഹിതം ഉൾപ്പെടെ ഒടുക്കു വരുത്തി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പെൻഷൻ വിഹിതം ഈടാക്കി എംപ്ലോയർ വിഹിതം ഉൾപ്പെടെ അതാത് ജീവനക്കാരുടെ അക്കൗണ്ടിൽ ഒടുക്ക് വരുത്തി രേഖാമൂലം വിവരം അറിയിക്കേണ്ടതാണ്.

MO

**1-17 പി.എച്ച്.സി ലാബ് നിർമ്മാണം – വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.**

വൈക്കം താലൂക്കിൽ ഞീഴൂർ വില്ലേജിൽ റീസർവ്വേ നം. 588/2-1 ൽ പെട്ട സ്ഥലത്ത് നിന്നും പി.എച്ച്.സി നിർമ്മാണത്തിനായി മണ്ണ് നീക്കം ചെയ്യുവാനായി നൽകിയ ലേല പരസ്യത്തിൽ (തീയതി 27.10.20) 5788.34 $M^3$ മണ്ണ് നീക്കം ചെയ്യുന്നതിനായാണ് പരസ്യം നൽകിയിരുന്നത്. എന്നാൽ 3275.053 $M^3$ മണ്ണാണ് നീക്കം ചെയ്തിട്ടുള്ളതെന്നാണ് എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷനിൽ രേഖപ്പെടുത്തിയിരിക്കുന്നത്. നാളിതുവരെ നീക്കം ചെയ്ത മണ്ണിന്റെ അളവ്, സർക്കാരിലേക്ക് ഒടുക്കിയ തുകകൾ പഞ്ചായത്തിന് ലഭ്യമായ തുക എന്നിവ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.02/ 07.03.23) ലെവൽ നിരപ്പ് അത്രയും താഴേണ്ടതില്ലെന്ന് പിന്നീട് കണ്ടെത്തിയതിനാൽ ലേല നടപടികൾക്ക് ശേഷം എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ നീക്കം ചെയ്യേണ്ട മണ്ണ് 3275.053 എം3 ആയി നിജപ്പെടുത്തിയെന്നാണ് മറുപടി ലഭ്യമാക്കിയത്. മണ്ണ് ലേലം ചെയ്യുന്നതിനായി ജിയോളജി വകുപ്പിൽ റോയൽറ്റി തുക ഒടുക്കുന്നതിനായി 131002 രൂപ 22100065/23.04.21 വൗച്ചർ പ്രകാരം മെഡിക്കൽ ഓഫീസർക്ക് കൈമാറിയിട്ടുണ്ടെങ്കിലും ടി തുകയ്ക്ക് ജിയോളജി & മൈനിങ്ങ് വകുപ്പിൽ നിന്ന് കൈപ്പറ്റ് ലഭ്യമാക്കിയിട്ടില്ല. മണ്ണ് ലേലം ചെയ്ത ഇനത്തിൽ 655010 രൂപ റവന്യൂ വകുപ്പിന് സീനിയറേജായി ചെക്ക് നം 2484275/04-02-22 പ്രകാരം ഒടുക്കിയിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കി. അത്ര വലിയ തുക സീനിയറേജായി അടയ്ക്കാനുള്ള സാഹചര്യം വ്യക്തമല്ല. തുക ഡിമാന്റ് ചെയ്തുള്ള റവന്യൂ രേഖകൾ പരിസോധനയ്ക്ക് ലഭ്യമായില്ല. തുകയുടെ ഡിമാന്റ് അടവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. 1 $M^3$ മണ്ണിന് 351 രൂപ നിരക്കിൽ ലേലം ഉറപ്പിച്ചു നൽകിയതു പ്രകാരം 1149876 രൂപ വരവിനത്തിലും 57498 രൂപ ജി.എസ്.ടി ഇനത്തിലും 11500 രൂപ സെസ് ഇനത്തിലും ലഭിച്ചതായി മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും വരവ് തുക ലഭ്യമായതിന്റെയും ജി.എസ്.ടി, സെസ്സ് തുകകൾ സർക്കാരിലേക്ക് ഒടുക്കിയതിന്റെയും രേഖകൾ ലഭ്യമാക്കിയിട്ടില്ല. തുടർ വർഷങ്ങളിൽ മണ്ണ് നീക്കം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന്പ്രസ്തുത എൻക്വയറിയിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും ഇത് സംബന്ധിച്ച് മറുപടി ലഭ്യമാക്കിയിട്ടില്ല. നിലവിൽ പി.എച്ച്.സി കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. മണ്ണ് ലേലം ചെയ്ത വകയിൽ പഞ്ചായത്ത് ഫണ്ടിൽ ലഭിച്ച തുകയുടേയും ജി.എസ്.ടി, സെസ്സ് തുക എന്നിവ ഒടുക്കിയതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. മണ്ണ് ലേലവുമായി ബന്ധപ്പെട്ട ഫയലിന്റെ സൂക്ഷിപ്പ് ക്രമപ്രകാരമല്ല. എല്ലാ വിശദാംശങ്ങളും ഉൾക്കൊള്ളുന്ന സമഗ്രമായ ഫയൽ ഓഡിറ്റിന് ഹാജരാക്കാതിരുന്നത് ഗുരുതരമായ വീഴ്ചയാണ്.ടി വിഷയത്തിൽ ഭരണസമിതി തലത്തിലും ഡിപ്പാർട്ട്മെന്റ് തലത്തിലും കൂടുതൽ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു. സമഗ്രമായ ഫയൽ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കാത്തതിനാൽ റോയൽറ്റി / സീനിയറേജ് ഇനങ്ങളിൽ അടവാക്കിയ 786012 /- ( 131002 + 655010 ) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

M.O

### 1-18 ജൈവ വൈവിധ്യ പാർക്ക്-അപാകതകൾ

കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്ടായിരുന്ന ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം (പ്രൊജക്ട് നം.40/22). കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡിൽ നിന്നും പദ്ധതിയ്ക്കായി അനുവദിച്ച 400000 രൂപയും 100000 തനതുഫണ്ടും വകയിരുത്തിയാണ് ജൈവ വൈവിധ്യ പാർക്ക് തയ്യാറാക്കൽ എന്ന പദ്ധതി രൂപീകരിച്ചത്. ഇ ടെണ്ടറിലൂടെ ശ്രീ സുനിൽ കെസി എന്ന വ്യക്തിയാണ് പദ്ധതി നടത്തിപ്പ് ഏറ്റെടുത്തിട്ടുള്ളത്. ജൈവ വൈവിധ്യ പാർക്കിന്റെ ഭാഗമായി പാർക്കിലേക്കുള്ള കവാടം(തെങ്ങ്/ മുള ഉപയോഗിച്ച്), തടിപ്പാലം 3എണ്ണം, ഏറുമാടം(തെങ്ങ്/ മുള ഉപയോഗിച്ച്), നിലവിലുള്ള കളം വൃത്തിയാക്കൽ , ചുറ്റും കല്ലിട്ട് ഇരുമ്പു വലയിട്ട് സുരക്ഷിതമാക്കൽ, പൂന്തോട്ട നിർമാണം, ഇരിപ്പിടങ്ങൾ, ഔഷധ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ, മുള ഉപയോഗിച്ച് പാർക്കിന് ചുറ്റും ജൈവ വേലി നിർമാണം എന്നിവയാണ് ഉൾപ്പെട്ടിരുന്നത്. 10.3.22 ൽ ശ്രീ സുനിൽ കെസി നൽകിയ ലെറ്റർ പാഡിലുള്ള ചെലവിന്റെയടിസ്ഥാനത്തിൽ കാത്തലിക് സിറിയൻ ബാങ്ക് ചെക്ക് നം. 100002/26.3.22) പ്രകാരം 200000 രൂപ തുക നൽകി.




പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിലും സ്ഥല പരിശോധനയിലും കണ്ടെത്തിയ താഴെ കൊടുത്തിട്ടുള്ള അപാകതകൾ കാണുകയുണ്ടായി.

1. കരാറിൽ പൂർത്തീകരണ കാലാവധി സംബന്ധിച്ച് രേഖപ്പെടുത്തലില്ല.

2. കരാറുകാരൻ നൽകിയ ലെറ്റർ പാഡിലുള്ള ബില്ലിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് തുക അനുവദിച്ചിട്ടുള്ളതെന്നു കാണുന്നു. ഉപരി പരിശോധന നടത്തേണ്ടത് ആരാണെന്നോ ചെയ്ത പ്രവൃത്തികളുടെ മെഷർമെന്റ് നടത്തിയതിന്റെ വിശദാംശങ്ങളോ പ്രൊജക്ട് പരിശോധനയിൽ വ്യക്തമായില്ല. എം.ബുക്ക് പരിശോധനയ്ക്ക് ലഭ്യമായില്ല. മരാമത്ത് സ്വഭാവമുള്ള ഈ പ്രവത്തി പ്രാവീണ്യമുള്ള അക്രഡിറ്റഡ് ഏജൻസി വഴിയോ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെയോ ആയിരുന്നു നടപ്പാക്കേണ്ടിയിരുന്നത്. മരാമത്ത് ചട്ടങ്ങളും പൊതുമരാമത്ത് മാന്വലും പാലിച്ചിട്ടല്ല നിർവ്വഹണം നടത്തിയിട്ടുള്ളത്. ആയത് ക്രമപ്രകാരമല്ല.

3. മഴക്കാലത്ത് വെള്ളം കയറുന്ന പാടത്താണ് മേൽ പ്രവൃത്തികൾ നടത്തിവരുന്നതെന്നു കാണുന്നു. വലിയ തുക മുതൽ മുടക്കുന്ന പദ്ധതിയുടെ സംരക്ഷണം ഉറപ്പ വരുത്താതെയാണ് തുക ചെലവഴിക്കുന്നത്.

ചെടികളുൾപ്പെടെ വെച്ചു പിടിപ്പിച്ചിട്ടുണ്ടെങ്കിലും ആയത് നിലവിൽ പോലും സംരക്ഷിച്ചിട്ടില്ലെന്നു കാണുന്നു. തുടർ പരിപാലനം ആര് നിർവഹിക്കും എന്ന് പ്രൊജക്ടിൽ വ്യക്തമല്ല.

4. ഏറുമാടം തെങ്ങിന്റെ കാലുകളിൽ സ്ഥാപിച്ചിട്ടുള്ളതായി സ്ഥല പരിശോധനയിൽ കണ്ടു. മഴക്കാലത്ത് വെള്ളം കയറുന്ന പ്രദേശത്ത് എത്ര കാലം ടി നിർമിതികൾ നാശം കൂടാതെ നിൽക്കുമെന്ന് വ്യക്തമല്ല. ഇതുൾപ്പെടെ പ്രൊജക്ട് സംബന്ധിച്ച് പ്രാഥമിക പഠനം നടത്തിയതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമായിരുന്നില്ല.

AD

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (28/14.3.23) മറുപടി ലഭിച്ചില്ല. ആവശ്യമായ പഠനമോ മുന്നൊരുക്കങ്ങളോ ഇല്ലാതെ ലഭ്യമായ ബയോ ഡൈവേഴ്സിറ്റി ഫണ്ട് ചെലവഴിക്കുക എന്ന ലക്ഷ്യത്തോടെ മാത്രം തയ്യാറാക്കിയിട്ടുള്ള പദ്ധതിയായിട്ടാണ് സ്ഥല പരിശോധനയിൽ നിന്നും വ്യക്തമാകുന്നത്. പദ്ധതിയുടെ ഫലപ്രാപ്തി ഉറപ്പു വരുത്തുകയും നിർമിതികൾ നശിച്ചു പോകാതിരിക്കാനും തുടർ പരിപാലനം നടത്താനും ഉള്ള സാഹചര്യങ്ങൾ ഒരുക്കുകയും ചെയ്യുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതാണ്. പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തില്ലെന്ന് ബോധ്യമാകുന്ന പക്ഷം തുടർന്നുള്ള ചെലവുകളെങ്കിലും പുനപരിശോധിക്കേണ്ടതാണെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. പദ്ധതിയ്ക്കായി തൻവർഷം ചെലവഴിച്ച 200000- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-19 ബഡ്സ് സ്കൂൾ നിർമ്മാണം - നാളിതുവരെ പൂർത്തിയായില്ല.**

ബഡ്സ് സ്കൂൾ നിർമ്മാണവുമായി ബന്ധപ്പെട്ട് തൻവർഷം അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ,പേര് | ചെലവ് തുക,ഫണ്ടിനം | ബിൽ നമ്പർ, തീയതി |
|---|---|---|
| 62/22 ബഡ്സ് സ്കൂൾ സംരക്ഷണഭിത്തിയും ചുറ്റുമതിലും | 200000/- വികസനഫണ്ട് (ജനറൽ) | 308/23.3.22 |
| 175/22 ബഡ്സ് സ്കൂൾപൂർത്തീകരണം | 635000/- ധനകാര്യകമ്മീഷൻ ഗ്രാന്റ് | 115/27.10.21= 404971<br>178/29.12.21 = 230029 |
| ആകെ | 835000/- | |

പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച പ്രോജക്ടാണ് ബഡ്സ് സ്കൂൾ നിർമ്മാണം. നാളിതുവരെ പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടില്ല.

2) 14.3.23 ന് സ്ഥലത്ത് പ്രാദേശിക പരിശോധന നടത്തുകയുണ്ടായി. ബഡ്സ് സ്കൂളിന്റെ മുമ്പിലുള്ള വലിയ കുളത്തിന് ചുറ്റുമതിൽ കെട്ടൽ, റോഡിലേക്കുള്ള ഭാഗത്ത് ചുറ്റുമതിൽ കെട്ടൽ, സൈഡിൽ അതിര് തിരിച്ച് സംരക്ഷണമതിൽ കെട്ടൽ എന്നിങ്ങനെ വലിയ പ്രവൃത്തികൾ ഇനിയും ചെയ്യാൻ അവശേഷിക്കുന്നുണ്ട്.

3) ബഡ്സ് സ്കൂൾ നിർമ്മാണം നടക്കുന്ന സ്ഥലത്തിന്റെ അതിര് കൃത്യമായി നിർണ്ണയിച്ചിട്ടില്ല.

അപാകതകൾ എക്സിറ്റ് മീറ്റിംഗിൽ ചൂണ്ടിക്കാട്ടിയപ്പോൾ ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് പ്രവൃത്തി നീണ്ട് പോകുന്നതെന്നും താലൂക്ക് സർവ്വേയർക്ക് അപേക്ഷനൽകി അതിർത്തി പുനർനിർണ്ണയിക്കുമെന്നും പ്രസിഡന്റ് മറുപടി ലഭ്യമാക്കി.അപാകതകൾ പരിഹരിച്ച് നിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-20 സാന്ത്വന പരിപാലന പദ്ധതി-അപാകതകൾ**

**1-20(a)**

| | |
|---|---|
| പ്രോജക്ട് | സാന്ത്വന പരിപാലന പദ്ധതി 49/21-22 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ( പി എച്ച് സി) |
| അടങ്കൽ തുക/ഫണ്ടിനം | 500000 വികസന ഫണ്ട് |